MONDAY

07/07/2025

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/07/2025

1. ചിറ്റൂർ നിയോജക മണ്ഡലം പെരുവെമ്പ് ഗ്രാമ പഞ്ചായത്തിലെ സ്മാർട്ട് കൃഷിഭവൻ ഉദ്ഘാടനം ജൂലായ് 10 ന് ഉച്ചയ്ക്ക് 3.30 ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ചടങ്ങിൽ കേരള വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി അധ്യക്ഷത വഹിക്കും.

2.എറണാകുളം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സഞ്ചാര യോഗ്യമായതും

എ സി സൗകര്യമുള്ളതുമായ ജീപ്പ്/കാർ ക്വട്ടേഷൻ അംഗീകരിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളും എറണാകുളം ആത്മ ഓഫീസിൽ ലഭ്യമാണ് (ഫോൺ നമ്പർ: 9383471986)

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 2370773

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. വളർത്തുമൃഗങ്ങൾക്ക് കാര്യക്ഷമമായ ചികിത്സ ഉറപ്പാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പൊരുക്കിയ മൊബൈൽ വെറ്ററിനറി സർജറി യൂണിറ്റ് ആലപ്പുഴ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി നിർവഹിച്ചു. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ജില്ലാ വെറ്ററിനറി കേന്ദ്രത്തിലും തെരഞ്ഞെടുത്ത അഞ്ചു സ്ഥാപനങ്ങളിലുമാണ് നിലവിൽ മൊബൈൽ വെറ്ററിനറി സർജറി യൂണിറ്റിന്റെ സേവനം ലഭ്യമാകുക. വാഹനത്തിൽ രണ്ട് ഡോക്ടർമാർ, ഡ്രൈവർ കം അറ്റൻഡർ, ശസ്ത്രക്രിയ ഉപകരണങ്ങൾ തുടങ്ങിയ സജ്ജീകരണങ്ങളാണുള്ളത്. റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ഞായർ ഒഴികെ യുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെയാണ് പ്രവർത്തനം. ബുക്ക ചെയ്യുന്നതിനായി 1962 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുക.

5. കെ.എൽ.ഡി ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ധോണി ഫാം സീഡ് യൂണിറ്റിൽ നിന്നും തീറ്റപ്പുൽ വിളകളുടെ നടീൽ വസ്തുക്കൾ ലഭ്യമാണ്. സി.ഓ 5, റെഡ് നേപ്പിയർ, സങ്കര നേപ്പിയർ എന്നിവയ്ക്ക് 2 മുട്ടുള്ള തണ്ട് ഒന്നിന് 1 രൂപ എന്ന നിരക്കിലാണ് വില. കൂടാതെ വിത്തുകളായ ഗിനിപ്പുല്ല് ഒരു കിലോയ്ക്ക് 475/- രൂപയും, കോംഗോസിഗ്നൽ പുല്ല് ഒരു കിലോയ്ക്ക് 300/- രൂപയു മാണ് വില. വിശദ വിവരങ്ങൾക്ക് 9446004285, 9048702812 എന്നീ ഫോൺ നമ്പറുകളിലോ kidbseed@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കാർഷികസർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എഞ്ചിനീയറിങ് & ഫുഡ് ടെക്നോളജി കോളേജിലെ സുരക്ഷ ജോലികൾ (സെക്യൂരിറ്റി ഗാർഡ്) ഒരു വർഷക്കാലം ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് യോഗ്യതയുള്ള ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾലഭിക്കേണ്ട അവസാന തിയതി 15.07.2025 ന് ഉച്ചയ്ക്ക് 1 മണി. വിശദ വിവരങ്ങൾ അറിയുന്നതിന് www.kau.in, kcaet.kau.in എന്നീ വെബ്സൈറ്റുകളിലോ 0494-2686214 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

7. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് നേര്യമംഗലം ഫാമിൽ നിന്നും തൈകൾ വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240, 9656858850 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

8. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിൽ സൌജന്യ ഓൺലൈൻ ഹ്യസ്വ കോഴ്സിലെ പുതിയ ബാച്ച് 2025 ജൂലൈ 21 ന് ആരംഭിക്കുന്നു. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്ക് ഉപയോഗിച്ച് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. കോഴ്സിന് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി 2025 ജൂലൈ 20.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ കർഷകർക്ക് പരിശീലനം നൽകുന്നു. താറാവ് വളർത്തൽ, (ജൂലൈ 9, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) ആട് വളർത്തൽ, (ജൂലൈ 15, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) പോത്ത് വളർത്തൽ (ജൂലൈ 22, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) കാട വളർത്തൽ, (ജൂലൈ 29, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) ഫോൺ: 0469 2965535.

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ശാസ്ത്രീയ രീതിയിൽ അച്ചാർ നിർമ്മാണം" എന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff


Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിൽ 2025 ജൂലൈ 8ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

11. **കാർഷിക നിർദേശം**

കുരുമുളക്

കാലവർഷത്തിനു മുന്നോടിയായി എത്തുന്ന മഴ ആരംഭിച്ചാലുടൻതന്നെ ദ്രുതവാട്ടത്തെ ചെറുക്കാൻ സ്യൂഡോമോണാസ് 30 ഗ്രാം അല്ലെങ്കിൽ ബാസില്ലസ് സബ്ടില്ലീസ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കുരുമുളകു ചെടിയുടെ തണ്ടിനോടു ചേർത്ത് മണ്ണിൽ ഒഴിക്കുക. ഒരു ചെടി ചുവട്ടിൽ കുറഞ്ഞത് 500 മില്ലി ഒഴിക്കണം. മഴ ലഭിച്ചാൽ മാസാവസാനത്തോടെ താങ്ങുകാലുകൾ നടാം. വേരു പിടിച്ച താങ്ങുകാലിൽ നിന്ന് 15 സെ.മീ. അകലെ കുഴികളെടുത്തശേഷം ട്രൈക്കോഡെർമ അടങ്ങിയ ജൈവവളം ചേർത്ത് തൈകൾ നടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം